പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 848 — 14-10-2026-ൽ മറുപടിയ്ക്ക്

**മലമ്പുഴ മണ്ഡലത്തിലെ വന്യജീവി ആക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** — **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** മലമ്പുഴ മണ്ഡലത്തിലെ വനാതിർത്തികളിലും കൃഷിയിടങ്ങളിലുമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി വനം വകുപ്പ് നടത്തിവരുന്ന ഫെൻസിംഗ് പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

**മറുപടി:** മലമ്പുഴ മണ്ഡലത്തിലെ വനാതിർത്തികളിലും കൃഷിയിടങ്ങളിലുമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി ഒലവക്കോട് റെയിഞ്ച് പരിധിയിൽ 10.50 കി.മീ. നീളത്തിലും വാളയാർ റെയിഞ്ച് പരിധിയിൽ 27.1 കി.മീ. നീളത്തിലും സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ധോണി വനഭാഗത്ത് 4.0 കി.മീ. നീളത്തിൽ സൗരോർജ്ജ തൂക്കുവേലിയും പരുത്തി മുതൽ കോർമ വരെ 1.0 കി.മീ. സ്റ്റീൽ വയർ റോപ്പ് ഫെൻസും നിർമ്മിക്കുന്ന പ്രവൃത്തിയും പരിഗണനയിലാണ്.

**(ബി)** പ്രസ്തുത മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** മലമ്പുഴ മണ്ഡലത്തിൽ നബാർഡ് ട്രാഞ്ചെ XXVIII പദ്ധതിയിൽ 13.5 കി.മീ. നീളത്തിലും നബാർഡ് ട്രാഞ്ചേ XXIX പദ്ധതിയിൽ 24.1 കി.മീ നീളത്തിലും സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പുളിയാമ്പുള്ളി മുതൽ പരുത്തി വരെ 1.5 കി.മീ., വട്ടപ്പാറ മുതൽ വാളയാർ റെയിൽവേ സ്റ്റേഷൻ വരെ 3.9 കി.മീ., പുതുപ്പാത്തി മുതൽ എം.സി.എൽ വരെ 2.0 കി.മീ., ചാവടിപ്പാറ കോളനിക്ക് ചുറ്റുമുള്ള 2.0 കി.മീ., നടുപ്പാതി കോളനിക്ക് ചുറ്റുമുള്ള 2.2 കി.മീ എന്നിങ്ങനെ 11.60 കി.മീ. നീളത്തിൽ പണികൾ പൂർണ്ണമായും പൂർത്തിയായിട്ടുള്ളതാണ്. നീലിപ്പാറ മുതൽ കാട്ടിക്കൽ വരെ 9 കിലോമീറ്റർ പൂർത്തീകരിക്കാനുള്ളതിൽ 6.0 കി.മീ. ഉം ധോണി മുതൽ എച്ച്.ഡി. ഫാം വരെ 12 കിലോമീറ്റർ പൂർത്തീകരിക്കാനുള്ളതിൽ 4.5 കി.മീ. ഉം പൂർത്തീകരിച്ചിട്ടുണ്ട്. 53 ക്വാറി മുതൽ മാപ്പിളക്കുളമ്പ് വരെയുള്ള 3.0 കി.മീ., കുത്തമ്പലം മുതൽ ഐ.ഐ.റ്റി. ചുറ്റുമതിൽ വരെയുള്ള 2.0 കി.മീ. ഉൾപ്പെടെ ബാക്കിയുള്ള 15.5 കി.മീ. നീളത്തിൽ സൗരോർജ്ജ തൂക്കുവേലിനിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**